# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

**2020 മാർച്ച് 30, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് 32 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും, അതിൽ കാസർഗോഡ് ജില്ലയിൽ നിന്നും 17 പേർക്കും കണ്ണൂർ ജില്ലയിൽ നിന്നും 11 പേർക്കു, ഇടുക്കി, വയനാട് ജില്ലകളിൽ നിന്ന് രണ്ടു പേർക്കു വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. രോഗം സ്ഥിരീകരിച്ച 213 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 202 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 157283 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 156660 പേർ വീടുകളിലും 623 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 6999 സാമ്പിളുകൾ പരിശോധിച്ചതിൽ 6034 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. നിരീക്ഷണം ശക്തമാക്കണം എന്നും എല്ലാവരും സമൂഹ അകലം പാലിക്കാൻ ശ്രദ്ധിക്കണം എന്നും അറിയിച്ചു. മാർച്ച് 31 ന് വിരമിക്കുന്ന ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് 3 മാസത്തേക്ക് വിരമിക്കൽ കാലാവധി നീട്ടി കൊടുക്കുകയോ താത്ക്കാലിക നിയമനം നൽകുകയോ ചെയ്യണം എന്നും ധനവകുപ്പിനോട് ഇതിനാവശ്യമായ നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചു. പ്രായമായവർ മറ്റു ദുർബല വിഭാഗക്കാർ എന്നിവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. പുതിയ പി സി ആർ മെഷിനുകൾക്കും, വെന്റിലേറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ഒരു മാസത്തേക്കുള്ള ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ നൽകാം എന്നും അറിയിച്ചു. മാർച്ച് 1 നു ശേഷം വിദേശ രാജ്യങ്ങളിൽ നിന്നു വന്ന എല്ലാവരും നിർബന്ധമായും നിരീക്ഷണത്തിൽ ഇരിക്കേണ്ടതാണ്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

റാപ്പിഡ് ടെസ്റ്റുകൾക്കായുള്ള മാർഗ്ഗരേഖ ഇംഗ്ലീഷിലും, മലയാളത്തിലും തയ്യാറാക്കി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കു നൽകിയിട്ടുണ്ട്. സമൂഹ വ്യാപനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായുള്ള സർവ്വേയുടെ പ്രോപ്പോസൽ നൽകിയിട്ടു

ണ്ട്. ഇതിനായി ആരോഗ്യവകുപ്പിന്റെ കീഴിൽ ഫീൽഡ് വർക്കേഴ്സ് അടങ്ങുന്ന ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കണം. വെന്റിലേറ്ററുകൾ വാങ്ങുന്നതുമായി സംബന്ധിച്ച് കെ എം എസ് സി എൽ ചില സംശയങ്ങൾ പ്രകടിപ്പിച്ചിരുന്നു. വെന്റിലേറ്ററുകൾ 3 തരമാണ് ഉള്ളത്. ഇൻവേസീവ് മെക്കാനിക്കൽ, നോൺഇൻവേസീവ്, ഹൈഫ്ളോ. ഇതിൽ ഇൻവേസീവ്മെക്കാനിക്കൽ ആണ് കൂടുതൽ പ്രയോജനകരമായിട്ടുള്ളത് അതുകൊണ്ട് ഈ ഗണത്തിൽപ്പെട്ടവ കൂടുതലായി വാങ്ങുന്നതായിരിക്കും നല്ലത്. അതുകൊണ്ടുതന്നെ വെന്റിലേറ്ററുകൾ വാങ്ങുമ്പോൾ 70 ശതമാനം ഇൻവേസീവ് മെക്കാനിക്കൽ വെന്റിലേറ്ററുകളും, 15 ശതമാനം വീതം മറ്റുള്ളവയും വാങ്ങുന്നതാവും ഉചിതം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇതുകൂടാതെ പൾസ് ഓക്സിമീറ്റർ, നോൺ ബ്രീത്തിംഗ് മാസ്ക്, പോർട്ടബിൾ വീഡിയോ ലാരിഞ്ചോ സ്കോപ്പ് എന്നിവ കോവിഡ് ചികിത്സ ആശുപത്രികൾക്കാവശ്യമായ കണക്കുകൾ പ്രകാരം വാങ്ങാവുന്നതാണ്. വ്യക്തിസുരക്ഷാ ഉപകരണങ്ങൾ വാങ്ങുമ്പോൾ എൻ 95 മാസ്ക്കുകളിൽ ഫിൽറ്ററിംഗ് ഫെയിസ് പീസ് രണ്ടും, മൂന്നും ഉള്ളവയായിരിക്കും ആശുപത്രികളിൽ ഉപയോഗിക്കുന്നതിന് അനുയോജ്യമായവ. എന്നാൽ ഇപ്പോൾ ചില മെഡിക്കൽ കോളേജുകളിൽ എഫ് എഫ് പി ഒന്ന് ഉള്ളവയാണ് സപ്ലൈ ചെയ്തിരിക്കുന്നത്. ഇവ ആശുപത്രികളുടെ ഉപയോഗത്തിന് അനുയോജ്യമായവ അല്ല. അതുകൊണ്ട് ഇവ തിരിച്ചെടുക്കുന്നതാവും ഉചിതം. ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ഇത് നന്നായി പബ്ലിഷ് ചെയ്തിട്ടണ്ട്. ആരോഗ്യ വകുപ്പ് വെബ് സൈറ്റിൽ ചിത്രങ്ങളും, മാപ്പുകളും, ഗ്രാഫുകളും അടങ്ങുന്ന ഡാഷ് ബോർഡ് ഉണ്ടാകുന്നത് നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. ഇതിന്റെ ഒരു സംക്ഷിപ്ത രൂപം മറ്റു സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകളിലും, പബ്ലിഷ് ചെയ്യാവുന്നതാണ്. വ്യക്തികളുടെ പേരുകൾ ചില പ്രത്യേക ജില്ലക്കാർ, വിദേശികൾ എന്നിങ്ങനെയുള്ള പദങ്ങൾ ഉപയോഗിക്കാതിരിക്കുന്നതാകും ഉചിതം എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## സ്റ്റേറ്റ് പോലീസ് ചീഫ്

വയനാട് ജില്ലയിൽ 4000ത്തോളം സന്നദ്ധ പ്രവർത്തകർ ഉണ്ടെന്നും ഇവരെ നിയന്ത്രിക്കുന്നതിനായി ആരുമില്ലെന്നും കമ്മ്യൂണിറ്റി കിച്ചനുകളിൽ നിന്നും സൗജന്യമായി ഭക്ഷണം കഴിക്കുന്നതായും ബഹുമാനപ്പെട്ട ഗതാഗത വകുപ്പു മന്ത്രി അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പെരുമ്പാവൂരിൽ ഏകദേശം 3000ത്തോളം അതിഥി തൊഴിലാളികൾ ഉണ്ട്. ഇവർ തിങ്ങി നിറഞ്ഞാണ് കഴിയുന്നത്. അവരെ മാറ്റി പാർപ്പിക്കേണ്ട ആവശ്യകത ഉണ്ട്. സൂപ്പർ മാർക്കറ്റുകളിൽ സാമൂഹിക അകലം പാലിക്കപ്പെടുന്നില്ല.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം

അതിഥി തൊഴിലാളികളുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഇന്നലെ ഒരു മീറ്റിംഗ് കൂടിയിരുന്നതായും കേരളത്തിൽ ഏകദേശം 4600 ഓളം ക്യാമ്പുകൾ ഉള്ളതായും ഈ ക്യാമ്പുകളിലായി 1.7 ലക്ഷത്തോളം അതിഥി തൊഴിലാളികൾ ഉള്ളതായും അറിയിച്ചു. ഇവരുടെ കാര്യങ്ങൾക്കായി 25 നോഡൽ ആഫീസർമാരെ തെരഞ്ഞെടുത്തതായും ഇവരുടെ ക്യാമ്പുകൾ സന്ദർശിക്കുന്നതിനും ഹോം ഗാർഡുകൾ അടങ്ങുന്ന ഒരു സംഘത്തെ രുപീകരിച്ചതായും അിറയിച്ചു.

## ചീഫ് സെക്രട്ടറി

സംസ്ഥാനത്ത് നിലവിൽ ആശുപത്രികളിൽ ലഭ്യമായ കിടക്കകൾ ഐ സി യു, വെന്റിലേറ്ററുകൾ എന്നിവയുടെ കണക്കും എഞ്ചിനിയറിംഗ് കോളേജുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ലഭ്യമായ മുറികളുടെയും കണക്കും അവതിരപ്പിച്ചു. കെ എം എസ് സി എൽ മായി ആലോചിച്ച് ഇപ്പോൾ ആവശ്യമായ ഉപകരണങ്ങളുടെയും മറ്റും പട്ടിക തയ്യാറാക്കി. 7 പി സി ആർ മെഷീനുകൾ സജ്ജമായിട്ടുണ്ട്. എന്നാൽ ഇവയ്ക്കു ആവശ്യമായ കിറ്റുകൾ വരേണ്ടതുണ്ട്. പി സി ആർ മെഷീനുകൾ പ്രവർത്തിക്കാൻ ആവശ്യമായ ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ പല സംസ്ഥാനങ്ങളിലും ആശങ്ക ഉണ്ടെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ അതിഥി തൊഴിലാളികളുടെ കാര്യത്തിൽ കേന്ദ്രം സംതൃപ്തി പ്രകടിപ്പിച്ചിരുന്നു. എന്നിരുന്നാലും അതിഥി തൊഴിലാളികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണ്ട ആവശ്യകത ഉണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

സന്നദ്ധ പ്രവർത്തകർ പലരും പിൻവാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ആശങ്കയ്ക്ക് ഇടവരുത്തുന്നുണ്ട്. ചില ജില്ലകളിൽ നിരീക്ഷണത്തിലുള്ള വീടുകളിലെ സന്ദർശനവും നടക്കുന്നില്ല. പലരും ഫോണുകൾ വഴി വിവരങ്ങൾ ശേഖരിക്കുന്നതായി അറിവായിട്ടുണ്ട്. ഇതുമൂലം നിരീക്ഷണത്തിലുളളവരെ പരിശോധിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ജില്ലകൾക്കു പുറത്തു നിന്നുളളവർക്ക് താമസസൗകര്യം ഉറപ്പു വരുത്തേണ്ടതാണ്. കമ്മ്യൂണിറ്റി കിച്ചനുകളിൽ 90 ശതമാനം പേർക്കും സൗജന്യമായിട്ടാണ് ഭക്ഷണം നൽകുന്നത്. ഇങ്ങനെ സൗജന്യമായി ഭക്ഷണം കൊടുക്കേണ്ടിവന്നാൽ കടുത്ത പ്രതിസന്ധി നേരിടും. ഉദ്യോഗസ്ഥർ കടുത്ത സമ്മർദ്ദത്തിലാണ്. ഇതു പരിഹരിക്കുന്നതിനായി ഉന്നത തലത്തിൽ നിന്നുളള ഇടപെടൽ ആവശ്യമാണ്.

## എ ഡി ജി പി ഫയർ ആൻഡ് റസ്ക്യൂ

ആവശ്യമായ വോളന്റിയർമാർ സിവിൽ ഡിഫൻസിനു കീഴിൽ ഉണ്ട്. വേണ്ടിവന്നാൽ ഇവരെ സന്നദ്ധ പ്രവർത്തനത്തിനു നിയോഗിക്കാവുന്നതാണ്. സന്നദ്ധപ്രവർത്തകർ എല്ലാവരും തന്നെ ആരോഗ്യ വകുപ്പിനു കീഴിൽ ഏകോപനത്തോടെ പ്രവർത്തിക്കേണ്ടതാണ്. പ്രായമായവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തണം.

## ഐ ടി സെക്രട്ടറി

പ്രായാധിക്യമുളളവർക്കായി ഐ എം എ യുമായി ചേർന്ന് ടെലി കോളിംഗ് സൗകര്യം തയ്യാറാക്കുന്നുണ്ട്. ഇതിനായി ഒരു പോർട്ടൽ രൂപീകരിക്കുന്നുണ്ട്. ഇതിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ഡോക്ടറുടെ സേവനം കൂടാതെ ഒരു സന്നദ്ധ പ്രവർത്തകന്റെ സഹായം കൂടി ലഭ്യമാണ്.